"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ NHM മുഖേന നിയമിച്ചതും നിലവിൽ സാമൂഹ്യ സുരക്ഷ മിഷനിൽ വിന്യസിക്കപ്പെട്ടതുമായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തദ്ദേശസ്വയംഭരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.37/2025/LSGD തീയതി,തിരുവനന്തപുരം, 20-02-2025

---

പരാമർശം:- 1 10.11.2022- ലെ സഉ(കൈ)നം.250/2022/തസ്വഭവ

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ 08.05.2024 ലെ KSSM/1692/2022-P2 നമ്പർ കത്ത്.

3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.07.2024,16.9.24 ലെ LSGD/PD/19742/2024-DEF6നമ്പർ കത്ത്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലകളിൽ എൻഡോസൾഫാൻ ബാധിതരായവർക്ക് ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ NHM മുഖേന നിയോഗിച്ചതും നിലവിൽ സാമൂഹ്യ സുരക്ഷ മിഷൻ വിന്യസിച്ചിട്ടുള്ളതുമായ ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഗ്രാമപഞ്ചായത്തുകളിൽ തുടരുന്നതിനുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ പരാമർശം(2) പ്രകാരം അഭ്യർത്ഥന പരാമർശം (3) പ്രകാരം ശുപാർശ ചെയ്ത് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ആരോഗ്യ വകുപ്പ് NHM മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചിരുന്നുവെന്നും, NHM ൽ നിന്നും വേതനം അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) - ന്റെ സ്നേഹസാന്ത്വനം ശീർഷകത്തിൽ നിന്നും വേതനം അനുവദിച്ചെങ്കിലും 2022-23 വർഷം മുതൽ വേതനം അനുവദിക്കാൻ കഴിയാത്തതിനാൽ ഇപ്രകാരം നിയമിക്കപ്പെട്ട 20 ജീവനക്കാരുടെ സേവനം NHM അവസാനിപ്പിച്ചിരുന്നുവെന്നും എന്നാൽ ഇവരുടെ സേവനം ആവശ്യമാണെന്ന് ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് വേതനം ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥയിൽ 17,830/- രൂപ വേതനത്തിൽ സേവനത്തിന് തയ്യാറായ 16 പേരെ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിയമിച്ചിരുന്നെങ്കിലും ടിയാളുകൾക്ക് വേതനം നൽകുന്നതിനാവശ്യമായ ഫണ്ട്

അനുവദിക്കാത്തതിനാൽ ടിയാളുകളെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന സേവനത്തിലെടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനായാണ് പരാമർശം (2) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നത്.

3. എൻഡോസൾഫാൻ ബാധിതരായവർക്ക് ആവശ്യമായ ആരോഗ്യ സേവന പ്രവർത്തനങ്ങൾ, ഉപകേന്ദ്രങ്ങളിലും വാർഡ് തലത്തിലും, സ്ഥാപന തലത്തിലും നടത്തി വരുന്ന ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പുകൾ, എൻഡോസൾഫാൻ സെല്ലിലേക്കുള്ള ഡാറ്റാ കളക്ഷൻ, എന്നിവ ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സഹായത്തോടെയാണ് ചെയ്യുന്നതെന്നും, എൻഡോസൾഫാൻ ബാധിതരുടെ വീടുകൾ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് അവർക്ക് ആവശ്യമായ മരുന്നുകൾ എത്തിച്ച് നൽകുന്നു, കിടപ്പുരോഗികൾക്ക് ഡോക്ടറുടെ സേവനം ആവശ്യമുള്ള വേളകളിൽ ആയതിനാവശ്യമായ സേവനം ഉറപ്പാക്കുന്നു, രോഗികളെ മാസത്തിൽ രണ്ട് തവണ മെഡിക്കൽ ടീമിന്റെ കൂടെ സന്ദർശിച്ച് സേവനവും, മാനസിക പിന്തുണയും ഉറപ്പാക്കുന്നു, എല്ലാ മാസവും ബ്ലോക്ക് തലത്തിൽ നടത്തുന്ന DMHP (ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം) ക്യാമ്പിൽ രോഗികളെ എത്തിക്കുന്നു , പബ്ലിക്ക് ഹെൽത്ത് പരിപാടികൾ ടീം വർക്കായി ചെയ്ത് പഞ്ചായത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളിൽ പൂങ്കാളിത്തം ഉറപ്പ് വരുത്തുന്നു എന്നിങ്ങനെ എൻഡോസൾഫാൻ ബാധിതരായവർക്ക് ആവശ്യമായ ആരോഗ്യ സേവന പ്രവർത്തനങ്ങൾ ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം തുടരുന്നത് ഗ്രാമപഞ്ചായത്തുകൾക്ക് ഏറെ ആശ്വാസകരവും അനിവാര്യവുമാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആദ്യം NHM ഉം പിന്നീട് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും കരാർ അടിസ്ഥാനത്തിലും വിവിധ PHC/FHC/CHC/TH എന്നിവിടങ്ങളിലേക്ക് നിയോഗിച്ച 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് വേതനം നൽകാൻ ഫണ്ട് ഇല്ലാത്ത സാഹചര്യത്തിൽ മേൽ ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന സേവനത്തിലെടുക്കുന്നതിനായുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ പരാമർശം (2) ശിപാർശ കണക്കിലെടുത്ത്, ഇതിന് പരിഹാരമെന്ന നിലയിലും തുടർന്നും ഇവരുടെ സേവനം എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനും മാലിന്യമുക്തം നവകേരളം, മാലിന്യ പരിപാലന നടപടികൾ തുടങ്ങിയ, നിയോഗിക്കപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കൂടി നിർവ്വഹിക്കണമെന്ന നിബന്ധനയോടെ ജില്ലയിലെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇവരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനും വേതനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം

3.ജോയിന്റ് ഡയറക്ടർ കാസറഗോഡ് (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ഡയറക്ടർ,കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം

5. കാസറഗോഡ് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് / സാമൂഹ്യ നീതി വകുപ്പ്/ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്

7.ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

8.എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം, തിരുവനന്തപുരം.

9. ഓഫീസ് പകർപ്പ്/കരുതൽഫയൽ.(198/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 20-02-2025 15:06:53